JAGRATHA 119

Vol-3, N0:44
31-12 - 2009

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt




**കെസിബിസി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ ഏവർക്കും പുതുവത്സരാശംസകൾ സ്നേഹ പൂർവ്വം നേരുന്നു**

# സമാധാനത്തിന്റെ പ്രഘോഷകരാവുക

ലോകസമാധാനദിനത്തോടനുബന്ധിച്ച് (2010 ജനുവരി 1) ബെനഡിക്ട് 16-ാമൻ മാർപാപ്പ നൽകുന്ന സന്ദേശം

1 .ഈ പുതുവർഷാരംഭത്തിൽ, ലോകമെങ്ങുമുള്ള ക്രൈസ്തവ സമൂഹങ്ങൾക്കും അന്താരാഷ്ട്രനേതാക്കൾക്കും സന്മനസ്സുള്ള എല്ലാവർക്കും ഹൃദയപൂർവ്വം സമാധാനം ആശംസിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാല്പത്തിമൂന്നാമത്തെ ഈ ലോകസമാധാനദിനത്തിന്റെ ചിന്താവിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുകയെന്നതാണ്. സൃഷ്ടിയോടുള്ള ആദരം അളവറ്റ പ്രാധാന്യമർഹിക്കുന്നു. എന്തെന്നാൽ ദൈവത്തിന്റെ സകല പ്രവൃത്തികളുടെയും ആരംഭവും അടിസ്ഥാനവും സൃഷ്ടിയാണ് (CCC 198). മനുഷ്യവംശത്തിന്റെ സമാധാനപൂർണമായ സഹാസ്തിത്വത്തിന് അതിന്റെ സംരക്ഷണം ഇന്ന് അടിസ്ഥാനപരമായ കാര്യമായിരിക്കുന്നു. മനുഷ്യൻ മനുഷ്യനോടു ചെയ്തിട്ടുള്ള മനുഷ്യത്വരഹിതമായ പ്രവൃത്തികൾ മൂലം സമാധാനത്തിനും, യഥാർത്ഥവും സമഗ്രവുമായ മാനുഷികവികസനത്തിനും അസംഖ്യം ഭീഷണികൾ ഉണ്ടായിട്ടുണ്ട്. യുദ്ധങ്ങളും ദേശീയവും അന്തർദേശീയവുമായ സംഘട്ടനങ്ങളും, ഭീകരപ്രവർത്തനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ അസ്വസ്ഥതയുളവാക്കുന്നതാണ് ദൈവം നമുക്കു നല്കിയ ഭൂമിയുടെയും പ്രകൃതിപരമായ നന്മകളുടെയും കടുത്ത

ദുരുപയോഗത്തിൽ നിന്നല്ലെങ്കിൽപോലും അവയോടുള്ള അവഗണനയിൽ നിന്ന് ഉളവാകുന്ന ഭീഷണികൾ. അതുകൊണ്ട്, മനുഷ്യവംശം ഒരു ഉടമ്പടി നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക അത്യാവശ്യമാണ്. മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ഉടമ്പടിയാണത്. പരിസ്ഥിതി ദൈവത്തിന്റെ സൃഷ്ടിപരമായ സ്നേഹം പ്രതിബിംബിക്കുന്ന ഒന്നാണ്. ദൈവത്തിൽ നിന്നാണ് നാം പുറപ്പെട്ടത്, ദൈവത്തിലേയ്ക്കാണു നാം യാത്ര ചെയ്യുന്നതും.

2. പ്രകൃതിപരമായ പരിസ്ഥിതിയോടുള്ള മനുഷ്യന്റെ ദൃഢബന്ധത്തിൽ നിന്നുണ്ടാകുന്ന കടമകളോട് ഉറ്റബന്ധം പുലർത്തുന്നതാണ് സമഗ്ര മാനുഷിക വികസനമെന്ന് *സത്യത്തിൽ സ്നേഹം* എന്ന എന്റെ ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എല്ലാജനതകൾക്കും വേണ്ടിയുള്ള ദൈവദാനമായി പരിസ്ഥിതിയെ കാണണം. മുഴുവൻ മനുഷ്യവംശത്തോടും, പ്രത്യേകിച്ച് ദരിദ്രരോടും വരുംതലമുറകളോടുമുള്ള പങ്കുവയ്ക്കപ്പെട്ട ഉത്തരവാദിത്വത്തോടെ വേണം അത് ഉപയോഗിക്കാൻ. പ്രകൃതിയെ, പ്രത്യേകിച്ച് മനുഷ്യരെ ആകസ്മികതയുടെയോ പരിണാമപരമായ മുൻനിർണയത്തിന്റെയോ ഉത്പന്നങ്ങൾ മാത്രമായി കാണുമ്പോൾ, നമ്മുടെ ഉത്തരവാദിത്വബോധം അസ്തമിക്കുന്നുവെന്നും ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. നേരേമറിച്ച്, ദൈവം മനുഷ്യവംശത്തിനു നല്കിയ ദാനമായി സൃഷ്ടിയെ വീക്ഷിക്കണം. മനുഷ്യരെന്ന നിലയിലുള്ള നമ്മുടെ വിളിയും മൂല്യവും മനസ്സിലാക്കാൻ ആ വീക്ഷണം സഹായിക്കും. സങ്കീർത്തകനോടൊപ്പം, വിസ്മയത്തോടെ ഇങ്ങനെ ഉദ്ഘോഷിക്കാൻ നമുക്കു കഴിയുകയും ചെയ്യും: അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനിടത്തെയും അവിടന്നു സ്ഥാപിച്ച ചന്ദ്രതാരങ്ങളെയും ഞാൻ കാണുന്നു. അവിടുത്തെ ചിന്തയിൽ വരാൻ മാത്രം മർത്യന് എന്തു മേന്മയുണ്ട്? അവിടത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത് (സങ്കീ 8:3 4)? സൃഷ്ടിയുടെ സൗന്ദര്യത്തെപ്പറ്റിയുള്ള ധ്യാനം സ്രഷ്ടാവിന്റെയും സ്നേഹത്തെ, സൂര്യനെയും മറ്റു നക്ഷത്രങ്ങളെയും ചലിപ്പിക്കുന്ന ദൈവിക സ്നേഹത്തെ, തിരിച്ചറിയാൻ നമ്മെ പ്രേരിപ്പിക്കുന്നു.

3. ഇരുപതുവർഷം മുമ്പ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച ലോകസമാധാന ദിനസന്ദേശം താഴെപ്പറയുന്ന പ്രമേയത്തെക്കുറിച്ചായിരുന്നു: സ്രഷ്ടാവായ ദൈവത്തോട് സമാധാനത്തിൽ വർത്തിക്കുക, മുഴുവൻ സൃഷ്ടിയോടും സമാധാനത്തിൽ വർത്തിക്കുക. ദൈവത്തിന്റെ സൃഷ്ടികളെന്ന നിലയിൽ നമുക്കു ചുറ്റുമുള്ള മുഴുവൻ പ്രപഞ്ചത്തോടും നമുക്കുള്ള ബന്ധത്തെപ്പറ്റി അദ്ദേഹം ഊന്നിപ്പറഞ്ഞു. അദ്ദേഹം ഇങ്ങനെ എഴുതി: പ്രകൃതിക്ക് അർഹമായ ആദരം കാണിക്കാത്തതുകൊണ്ടും ലോകസമാധാനത്തിന് ഭീഷണിയുണ്ടാകുന്നുവെന്ന അവബോധം ഇന്നു വളർന്നു വരുന്നുണ്ട്. അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: പരിസ്ഥിതിയെപ്പറ്റിയുള്ള ഈ ബോധം തള്ളിക്കളയരുത്. അതിനെ വികസിപ്പിക്കുകയും പക്വതയിലെത്തിക്കുകയും വേണം. വസ്തുനിഷ്ഠമായ കർമ്മ പരിപാടികളിലും സംരംഭങ്ങളിലും അത് സമുചിതമായി പ്രകാശിപ്പിക്കപ്പെടുകയും വേണം. മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് മുൻകാലത്തെ മാർപാപ്പമാരും സംസാരിച്ചിട്ടുണ്ട്. ഉദാഹരണമായി, ലേയോ 13-ാമന്റെ റേരും നൊവാരും എന്ന ചാക്രികലേഖനത്തിന്റെ എൺപതാം വാർഷികത്തിൽ പോൾ ആറാമൻ മാർപാപ്പ ഇങ്ങനെ മുന്നറിയിപ്പു നല്കി. മനുഷ്യൻ പ്രകൃതിയെ വിവേകരഹിതമായി ചൂഷണം ചെയ്യുന്നതുവഴി അതിനെ നശിപ്പിക്കുകയെന്ന അപകടനില സൃഷ്ടിക്കുന്നു. മനുഷ്യൻ തന്നെ ആ നാശത്തിന്റെ ഇരയായിത്തീരുകയെന്ന അപകടസാധ്യതയിലെത്തുകയും ചെയ്യുന്നു. അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: ഭൗതിക പരിസ്ഥിതി സ്ഥിരഭീഷണിയായി മാറുന്നു – മലിനീകരണം, ഖരമാലിന്യങ്ങൾ, പുതിയ രോഗങ്ങൾ, തികഞ്ഞ വിനാശക ശക്തി എന്നിങ്ങനെ. അതു മാത്രമല്ല മാനുഷിക ചട്ടകൂടുതന്നെ മനുഷ്യന്റെ നിയന്ത്രണത്തിലാവാതായിരിക്കുന്നു. അങ്ങനെ, ഭാവിയിൽ അസഹനീയമായ പരിസ്ഥിതി സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത് വ്യാപകമായ ഒരു സാമൂഹിക പ്രശ്നമാണ്. മുഴുവൻ മനുഷ്യവംശത്തെയും അതു ബാധിക്കുന്നു.

4. ഈ വിഷയത്തിൽ സവിശേഷ സാങ്കേതിക പരിഹാരം നിർദ്ദേശിക്കാനുള്ള യോഗ്യത സഭയ്ക്കില്ല. എന്നാലും സഭ മനുഷ്യവംശത്തിന്റെ വിദഗ്ധയെന്ന നിലയിൽ ഒരുകാര്യം ചെയ്യുന്നു. അതായത്, സ്രഷ്ടാവും മനു

ഷ്യരും സൃഷ്ടക്രമവും തമ്മിലുള്ള ബന്ധം ശ്രദ്ധിക്കാൻ ആഹ്വാനം ചെയ്യുന്നു. ജോൺ പോൾ രണ്ടാമൻ 1990 -ൽ പരിസ്ഥിതിപരമായ വിഷമപ്രശ്നത്തെക്കുറിച്ചു സംസാരിച്ചു. അതിന്റെ പ്രാഥമികമായ ധാർമ്മിക സ്വഭാവത്തെ എടുത്തു കാണിച്ചുകൊണ്ട് പുതിയൊരു ഐക്യദാർഢ്യത്തിന്റെ ധാർമ്മികാവശ്യം എത്ര അടിയന്തിര സ്വഭാവമുള്ളതാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭ്യർത്ഥന ഇന്നു വളരെയേറെ അടിയന്തിര സ്വാഭാവമുള്ളതായിരിക്കുന്നു. ഇന്ന് വിഷമസന്ധിയുടെ അടയാളങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതിനെ അവഗണിക്കുകയെന്നത് തികച്ചും നിരുത്തരവാദിത്വപരമായ നിലപാടായിരിക്കും. കാലാവസ്ഥയുടെ മാറ്റം, വിസ്തൃതകാർഷികപ്രദേശങ്ങൾ മരുഭൂമിയായിത്തീരൽ, അവിടങ്ങളിൽ ഉത്പാദനമില്ലാതാകൽ, നദികളിലെയും നീർത്തടാകങ്ങളിലെയും മലിനീകരണം, ജീവപരമായ വൈവിധ്യത്തിന്റെ നഷ്ടം, പ്രകൃതിക്ഷോഭങ്ങളുടെ വർദ്ധന, ഭൂമധ്യരേഖാപ്രദേശങ്ങളിലും ഉഷ്ണമേഖലാപ്രദേശങ്ങളിലും വനനശീകരണം എന്നിങ്ങനെയുള്ള യാഥാർത്ഥ്യങ്ങളോടു ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് നിസ്സംഗത പുലർത്താൻ നമുക്കു കഴിയുമോ? പരിസ്ഥിതിപരമായ അഭയാർത്ഥികൾ എന്ന വർദ്ധമാനമായ പ്രതിഭാസത്തെ നമുക്ക് അവഗണിക്കാൻ കഴിയുമോ? ആ അഭയാർത്ഥികൾ തങ്ങളുടെ സ്വാഭാവികവികനസകേന്ദ്രത്തിന്റെ നശിപ്പിക്കൽ വഴി അത് ഉപേക്ഷിക്കാൻ നിർബന്ധിക്കപ്പെട്ടവരാണ്. അവർ മിക്കപ്പോഴും തങ്ങളുടെ സമ്പാദ്യങ്ങളെല്ലാം ഉപേക്ഷിച്ചിട്ടാണു പുറപ്പെടുന്നത്. നിർബന്ധപൂർവകമായ മാറ്റിപ്പാർപ്പിക്കലിന്റെ അപകടങ്ങളും അനിശ്ചിതത്വങ്ങളും നേരിടാനാണ് പുറപ്പെടുന്നത്! പ്രകൃതി വിഭവങ്ങളുടെ ലഭ്യതയെ സംബന്ധിച്ച് ഇപ്പോഴുള്ളതും ഭാവിയിൽ ഉണ്ടാകാനിരിക്കുന്നതുമായ സംഘട്ടനങ്ങളുടെ മുമ്പിൽ നമുക്കു നിഷ്ക്രിയരായി കഴിയാനാവുമോ? ജീവിക്കാനും ഭക്ഷിക്കാനും ആരോഗ്യം സംരക്ഷിക്കാനും വികസിക്കാനുമുള്ള അവകാശംപോലുള്ള മനുഷ്യാവകാശത്തിന്റെ പ്രയോഗത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം വലിയ സ്വാധീനമുണ്ട്.

5. പരിസ്ഥിതി സംബന്ധമായ വിഷമസ്ഥിതിയെ അതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങളിൽ നിന്നു മാറ്റി നിറുത്തി വീക്ഷിക്കാനാവുകയെന്ന വസ്തുത വ്യക്തമാക്കപ്പെടണം. എന്തെന്നാൽ അത് വികസനമെന്ന സങ്കല്പത്തോടു തന്നെ ഉറ്റബന്ധം പുലർത്തുന്നതാണ്. മറ്റുള്ളവരോടും മറ്റു സൃഷ്ടിജാലങ്ങളോടും ബന്ധപ്പെട്ടവനെന്ന നിലയിൽ മനുഷ്യനെക്കുറിച്ചുള്ള ധാരണയോടും അതിനു ദൃഢബന്ധമുണ്ട്. അതുകൊണ്ട് നമ്മുടെ വികസനമാതൃകയെ അഗാധവും ദീർഘവീക്ഷണത്തോടുകൂടിയതുമായ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. ആ മാതൃക സാമ്പത്തികതയുടെ അർത്ഥം, അതിന്റെ ലക്ഷ്യങ്ങൾ എന്നിവ പരിഗണിക്കുന്നതായിരിക്കണം. അതിന്റെ തെറ്റായ പ്രവർത്തനങ്ങളും തെറ്റായ പ്രയോഗങ്ങളും തിരുത്താൻ ശ്രദ്ധിക്കുന്നതുമായിരിക്കണം. ഭൂമിയിലെ ഗ്രഹത്തിന്റെ പരിസ്ഥിതിപരമായ ആരോഗ്യത്തിന് അത് ആവശ്യമാണ്. മനുഷ്യ വംശത്തിന്റെ സാംസ്കാരികവും ധാർമ്മികവുമായ വിഷമസ്ഥിതിയും അത് ആവശ്യപ്പെടുന്നുണ്ട്. ആ വിഷമസ്ഥിതിയുടെ ലക്ഷണങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗത്തും കണ്ടു തുടങ്ങിയിട്ടു കുറേക്കാലമായി. മനുഷ്യവംശത്തിന് അഗാധമായ ഒരു സാംസ്കാരിക നവീകരണം അത്യാവശ്യമാണ്. എല്ലാവർക്കും കൂടുതൽ പ്രകാശമാനമായ ഒരു ഭാവി പടുത്തുയർത്താനുള്ള സുദൃഢമായ ഒരടിസ്ഥാനമായിരിക്കാൻ സഹായിക്കുന്ന മൂല്യങ്ങളെ അതു വീണ്ടും കണ്ടെത്തണം. നമ്മുടെ ഇന്നത്തെ വിഷമസന്ധികൾ - അവ സാമ്പത്തികമോ ഭക്ഷ്യപരമോ പരിസ്ഥിതിപരമോ സാമൂഹികമോ ആയാലും - ആത്യന്തികമായ ധാർമ്മിക വിഷമസന്ധികളുമാണ്. അവയെല്ലാം പരസ്പരം ബന്ധപ്പെട്ടവയുമാണ്. നാം ഒന്നിച്ചു സഞ്ചരിക്കുന്ന പാതയെക്കുറിച്ചു നമുക്കു വീണ്ടുവിചാരമുണ്ടാകണമെന്ന് അവ ആവശ്യപ്പെടുന്നുണ്ട്. പ്രത്യേകിച്ച്. സ്വാഭാവികതയും (sobriety) ഐക്യദാർഢ്യവും (solidarity) ഉള്ള ഒരു ജീവിതശൈലിയുണ്ടാകണമെന്ന് അവ ആവശ്യപ്പെടുന്നു. നമ്മുടെ അനുദിനവ്യാപാരത്തിന്റെ പുതിയ നിയമങ്ങളും രൂപങ്ങളുമുള്ള ജീവിതശൈലിയായിരിക്കണം അത്. യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ തന്ത്രങ്ങളിൽ ആത്മവിശ്വാസത്തോടും ധീരതയോടും കൂടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും പരാജയപ്പെട്ടവയെ നിർണായകമായി തള്ളിക്കളയുന്നതുമായിരിക്കണം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ ഇന്നത്തെ വിഷമസന്ധി തിരിച്ചറിയലിനും നവീനവും തന്ത്രപരമായ പ്ലാനിംഗിനുള്ള അവസരമായിത്തീരുകയുള്ളൂ.

6. പ്രാപഞ്ചികമായ ഒരർത്ഥത്തിൽ പ്രകൃതിയെന്നു നാം വിളിക്കുന്നത്, സ്നേഹത്തിന്റെയും സത്യത്തിന്റെയും പദ്ധതി യിൽ ഉദ്ഭവിച്ചതല്ലേ? ലോകം അനിവാര്യതയുടെ ഉത്പന്നമേ അല്ല. അന്ധമായ വിധിയുടെയോ ആകസ്മികതയുടെയോ ഉത്പന്നമല്ല. ലോകം ദൈവത്തിന്റെ സ്വതന്ത്ര മനസ്സിൽ നിന്നു ഉദ്ഭവിച്ചതാണ്. തന്റെ അസ്തിത്വത്തിലും ബുദ്ധിയിലും നന്മയിലും തന്റെ സൃഷ്ടികൾ പങ്കുപറ്റണമെന്ന് ദൈവം നിശ്ചയിച്ചു. ഉത്പത്തിഗ്രന്ഥം അതിന്റെ ആദ്യപേജിൽത്തന്നെ പ്രപഞ്ചത്തെ സംബന്ധിച്ച ബുദ്ധിപൂർവകമായ രൂപരേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. അത് ദൈവത്തിന്റെ മനസ്സിൽ നിന്നു വരുന്നു. സ്രഷ്ടാവിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീപുരുഷന്മാരിൽ അത് അതിന്റെ പൂർണത കണ്ടെത്തുന്നു. മനുഷ്യരെ സൃഷ്ടിച്ചതാകട്ടെ ഭൂമിയെ നിറയ്ക്കാനും അതിന്റെ മേൽ ആധിപത്യം പുലർത്താനുമാണ്. ദൈവത്തിന്റെ കാര്യസ്ഥൻമാർ എന്ന നിലയിലാണ് അങ്ങനെ ചെയ്യേണ്ടത് ( cf. ഉത്പ 1:28). സ്രഷ്ടാവും മനുഷ്യവംശവും സൃഷ്ട പ്രപഞ്ചവും തമ്മിൽ ഉണ്ടായിരുന്നതായി വിശുദ്ധ ലിഖിതം വിവരിക്കുന്ന ഐക്യം ആദവും ഹവ്വയും - പുരുഷനും സ്ത്രീയും - ചെയ്ത പാപം മൂലം തകർക്കപ്പെട്ടു. അവർ ദൈവത്തിന്റെ സ്ഥാനംവഹിക്കാൻ ആശിക്കുകയും തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന് അംഗീകരിക്കാതിരിക്കുകയും ചെയ്തു. അതിന്റെ ഫലമായി, ഭൂമി ഉഴുതും കൃഷി ചെയ്തും സംരക്ഷിച്ചും അതിന്റെ മേൽ ആധിപത്യം പ്രയോഗിക്കുന്ന ജോലിയും തകർക്കപ്പെട്ടു. മനുഷ്യവംശത്തിൽത്തന്നെയും മനുഷ്യരും മറ്റു സൃഷ്ടിജാലങ്ങളും തമ്മിലും സംഘട്ടനം ഉദ്ഭവിച്ചു (cf. ഉത്പ. 3:17-19). തങ്ങൾ സ്വാർത്ഥതയാൽ ഭരിക്കപ്പെടാൻ മനുഷ്യർ സ്വയം അനുവദിച്ചു. അവർ ദൈവകല്പനയുടെ അർത്ഥം തെറ്റിദ്ധരിച്ചു. സൃഷ്ടിയുടെ മേൽ സമ്പൂർണമായ ആധിപത്യം സ്ഥാപിക്കാനുള്ള ആഗ്രഹം മൂലം അതിനെ ചൂഷണം ചെയ്തു. എന്നാൽ, ദൈവത്തിന്റെ ആദിമ കല്പനയുടെ യഥാർത്ഥമായ അർത്ഥം സ്വയം അധികാരം ഏറ്റെടുക്കുകയെന്നതല്ല. അത് ഉത്തരവാദിത്വത്തിലേക്കുള്ള വിളിയായിരുന്നു. ഉത്പത്തിഗ്രന്ഥം ഇക്കാര്യം വ്യക്തമായിക്കാണിക്കുന്നുണ്ട്. ചിതറിക്കിടക്കുന്ന ഉഛിഷ്ടങ്ങൾ പോലെ നമ്മുടെ അധീനതയുള്ള ഒന്നല്ല പ്രകൃതിയെന്ന് പുരാതന കാലത്തെ മനുഷ്യരുടെ ജ്ഞാനം തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രകൃതി ദൈവത്തിൽനിന്നുള്ള ദാനമാണെന്നും, അവിടന്ന് അതിൽത്തന്നെ ഒരു ക്രമം സ്ഥാപിച്ചിട്ടുണ്ടെന്നും, അത് ഉഴുതു കൃഷി ചെയ്യാനും സൂക്ഷിക്കാനും വേണ്ട തത്ത്വങ്ങൾ ആ ക്രമത്തിൽ നിന്നു മനുഷ്യൻ സ്വീകരിക്കണമെന്നും വേദഗ്രന്ഥത്തിലെ വെളിപാടു നമുക്കു വ്യക്തിമാക്കിത്തരുന്നുണ്ട് (cf. ഉത്പ 2:11). അസ്തിത്വമുള്ളതെല്ലാം ദൈവത്തിന്റേതാണ്. ദൈവം അത് മനുഷ്യനെ ഭരമേല്പിച്ചു. തന്നിഷ്ടം പോലെ ഉപയോഗിക്കാനല്ല ഭരമേല്പിച്ചത്. മനുഷ്യൻ ദൈവത്തിന്റെ സഹപ്രവർത്തകനെന്ന നിലയിൽ പ്രവർത്തിക്കാതെ തന്നെത്തന്നെ ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കുമ്പോൾത്തന്നെ, പ്രകൃതിയിൽ നിന്നുള്ള എതിർപ്പിൽ ചെന്നവസാനിക്കുന്നു. പ്രകൃതിയാകട്ടെ, അവനാൽ ഭരിക്കപ്പെടുന്നതിലേറെ സ്വേഛാധിപത്യമുള്ളതായിത്തീരുന്നു . അതുകൊണ്ട് സൃഷ്ടിയുടെ മേൽ ഉത്തരവാദിത്വപൂർണമായ കാര്യസ്ഥത പ്രയോഗിക്കുകയെന്ന കടമ മനുഷ്യനുണ്ട്. അതിനെ സംരക്ഷിക്കാനും അതിൽ കൃഷി ചെയ്യാനുമാണത്.

7. ചിലർ അവഗണനകൊണ്ടോ നീരസംകൊണ്ടോ പരിസ്ഥിതിയുടെ മേൽ ഉത്തരവാദിത്വപൂർണമായ കാര്യസ്ഥത പ്രയോഗിക്കാതിരിക്കുന്നതുമൂലം നമ്മുടെ ഗ്രഹത്തിന്റെ വിവിധ രാജ്യങ്ങളിലും പ്രദേശങ്ങളിലുമുള്ള വലിയ ജനസമൂഹങ്ങൾ പ്രയാസമനുഭവിക്കുന്നുവെന്നത് തികച്ചും വ്യക്തമാണെന്നു പറയേണ്ടി വരുന്നതിൽ എനിക്കു ഖേദമുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ ഒരു കാര്യം ഓർമ്മപ്പെടുത്തിയിട്ടുണ്ട്: ഭൂമിയും അതിലുള്ള സകലതും ദൈവം എല്ലാ ജനതകൾക്കും ദേശങ്ങൾക്കുമായി നിയോഗിച്ചിട്ടുള്ളതാണ്( G.S., 69). സൃഷ്ടപ്രപഞ്ചത്തിലെ സകല വസ്തുക്കളും മനുഷ്യവംശം മുഴുവനും വേണ്ടിയുള്ളതാണ്. പക്ഷേ, പരിസ്ഥിതി ചൂഷണത്തിന്റെ ഇന്നത്തെ ഗതിവേഗം ചില പ്രകൃതി വിഭവങ്ങളുടെ ലഭ്യതയെ ഇപ്പോഴത്തെ തലമുറയെ സംബന്ധിച്ചു മാത്രമല്ല, ഭാവിതലമുറകളെ സംബന്ധിച്ചും ഗൗരവപൂർണമായ തോതിൽ അപകടപ്പെടുത്തുന്നതാണ്. പരിസ്ഥിതി നശീകരണം മിക്കപ്പോഴും ദീർഘവീക്ഷണത്തോടെയുള്ള ഔദ്യോഗിക നയങ്ങളുടെ അഭാവം മൂലമോ അകലെക്കാഴ്ചയില്ലാത്ത സാമ്പത്തിക താത്പര്യങ്ങൾ മൂലമോ ഉണ്ടാകുന്നതാണെന്നു കാണാൻ പ്രയാസമില്ല. അതെല്ലാം സൃഷ്ടിയെ സംബന്ധിച്ചിടത്തോളം ഗൗരവാവഹമായ ഭീഷണിയായിത്തീ

രും. ഈ പ്രതിഭാസത്തിനെതിരേ പടപൊരുതാൻ സാമ്പത്തിക പ്രവർത്തനം ഒരു വസ്തുത പരിഗണിക്കണം. ഓരോ സാമ്പത്തിക പ്രവർത്തനത്തിനും ഒരു ധാർമ്മികാനന്തരഫലമുണ്ട് എന്നതാണ് ആ വസ്തുത. അങ്ങനെ പരിസ്ഥിതിയോട് വർദ്ധമാനമായ ആദരം കാണിക്കുകയും വേണം. നമ്മൾ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുമ്പോൾ, അവയുടെ സംരക്ഷണത്തിൽ താത്പരരാകണം. പരിസ്ഥിതിപരവും സാമൂഹികവുമായ അതിന്റെ ചെലവ് - ആകെയുള്ള ചെലവിന്റെ അടിസ്ഥാനഭാഗമെന്ന നിലയിൽ - പരിഗണിക്കുകയും വേണം. പരിസ്ഥിതിയുടെ ദുരുപയോഗം കാര്യക്ഷമമായി തടയാൻ ശരിയായ സൂചനകൾ നല്കുകയെന്നത് അന്താരാഷ്ട്രസമൂഹത്തിന്റെയും ദേശീയഗവർമെന്റുകളുടെയും ഉത്തരവാദിത്വത്തിൽപെട്ട കാര്യമാണ്. പരിസ്ഥിതി സംരക്ഷിക്കാനും പ്രകൃതിവിഭവങ്ങളും കാലാവസ്ഥയും സംരക്ഷിക്കാനും സുനിശ്ചിതവും സുവ്യക്തവുമായ നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുകയെന്നത് അത്യാവശ്യമാണ്. നൈയാമികവും സാമ്പത്തികവുമായ ഒരു നിലപാടിൽ നിന്നു പ്രവർത്തിക്കുകയും വേണം. നമ്മുടെ ലോകത്തിൽ കൂടുതൽ ദാരിദ്ര്യമുള്ള പ്രദേശങ്ങളിൽ ജീവിക്കുന്നവരോടും വരുംതലമുറകളോടും നമുക്കുണ്ടായിരിക്കേണ്ട ഐക്യദാർഢ്യവും നാം പരിഗണിക്കണം.

8. തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യത്തെ സംബന്ധിച്ച് കൂടുതൽ ബോധമുണ്ടാകുക അടിയന്തിരമായ ആവശ്യമാണ്. പരിസ്ഥിതിപരമായ പൊതുവിഭവങ്ങൾ നമ്മൾ ഉപയോഗിക്കുന്നതിന്റെ ചെലവ് ഭാവിതലമുറകളുടെമേൽ കെട്ടിവയ്ക്കാൻ പാടില്ല. നമ്മൾ കഴിഞ്ഞ തലമുറകളിൽ നിന്ന് പൈതൃകമായി സ്വീകരിച്ചു. നമ്മുടെ സമകാലീനരുടെ അധ്വാനത്തിൽ നിന്ന് നാം ഉപകാരം നേടി; ഇക്കാരണത്താൽ നാം എല്ലാവരോടും കടപ്പെട്ടിരിക്കുന്നു. മനുഷ്യകുടുംബത്തെ വിപുലീകരിക്കാൻ വേണ്ടി നമ്മുടെ പിന്നാലെ വരുന്നവരോടുള്ള താത്പര്യം നമുക്കു നിഷേധിക്കാനാവുകയില്ല. സാർവത്രിക ഐക്യദാർഢ്യം ഒരു ഉപകാരവും കടമയുമാണ്. അത് ഇന്നത്തെ തലമുറകൾക്ക് വരുംതലമുറകളോടുള്ള ഒരു ഉത്തരവാദിത്വമാണ്. വ്യക്തിഗത രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്രസമൂഹത്തിനുമുള്ള ഒരു ഉത്തരവാദിത്വമാണത്. പെട്ടെന്നുള്ള പ്രയോജനങ്ങൾ വർത്തമാനകാലത്തെയും ഭാവിയിലെയും, മനുഷ്യരും അല്ലാത്തവരുമായ ജീവജാലങ്ങളുടെയും മേൽ നിഷേധാത്മകഫലം ഉളവാക്കാത്തവയായിരിക്കണം. അത്തരത്തിൽ വേണം പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കാൻ. സ്വകാര്യസ്വത്തിന്റെ സംരക്ഷണം വസ്തുവകകളുടെ സാർവത്രിക ലക്ഷ്യവുമായി സംഘർഷമുണ്ടാകാത്തവിധത്തിലായിരിക്കണം. ഇപ്പോഴത്തെയും ഭാവിയിലെയും ജനങ്ങളുടെ ഉപകാരത്തിനായി, ഭൂമിയുടെ ഫലപുഷ്ടി മാനുഷികപ്രവർത്തനം വഴി നശിപ്പിക്കാൻ ഇടവരരുത്. തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യത്തെക്കുറിച്ച് കൂടുതൽ സത്യസന്ധമായ ബോധമുണ്ടാകണം. അതിനും പുറമേ തലമുറകൾക്കുള്ളിൽ തന്നെ നവീകൃതമായ ദൃഢൈക്യബോധമുണ്ടാകണം. അത് അടിയന്തരസ്വഭാവമുള്ള ഒരു ധാർമ്മികാവശ്യമാണ്. പ്രത്യേകിച്ച്, വികസ്വരരാഷ്ട്രങ്ങളും ഉയർന്നതോതിലുള്ള വ്യവസായവത്കൃത രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ അതുണ്ടായിരിക്കണം. നവീകരിക്കാനാവാത്ത പ്രകൃതിവിഭവങ്ങളുടെ ചൂഷണം നിയന്ത്രിക്കാൻ സ്ഥാപനപരമായ മാർഗങ്ങൾ കണ്ടെത്തുകയെന്നത് അന്താരാഷ്ട്രസമൂഹത്തിന്റെ അടിയന്തരസ്വഭാവമുള്ള കടമയാണ്. ഭാവിക്കുവേണ്ടിയുള്ള പദ്ധതി രൂപപ്പെടുത്താനാണത്. പ്രസ്തുത പ്രക്രിയയിൽ ദരിദ്രരാഷ്ട്രങ്ങളെ ഉൾപ്പെടുത്തുകയും വേണം . സ്ഥലകാലങ്ങളെ (time and space) ആശ്ലേഷിക്കുന്ന ഒരു ഐക്യദാർഢ്യം അടിയന്തിരസ്വഭാവമുള്ളതാണെന്ന് പരിസ്ഥിതിപരമായ വിഷമസന്ധി കാണിക്കുന്നു. പരിസ്ഥിതിപരമായ ഇന്നത്തെ വിഷമസന്ധിയുടെ കാരണങ്ങളിൽ വ്യവസായവത്കൃത രാഷ്ട്രങ്ങളുടെ ചരിത്രപരമായ ഉത്തരവാദിത്വം ഉൾക്കൊള്ളുന്നുവെന്ന് അംഗീകരിക്കുക സുപ്രധാനമാണ്. എന്നാലും കുറച്ചുമാത്രം വികസിച്ച രാജ്യങ്ങൾക്ക് - പ്രത്യേകിച്ച് വികസ്വര രാഷ്ട്രങ്ങൾക്ക് - സൃഷ്ടിയെ സംബന്ധിച്ച അവരുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാകാനാവുകയില്ല. എന്തെന്നാൽ, പരിസ്ഥിതിപരമായ കാര്യക്ഷമമായ നടപടികളും പോളിസികളും ക്രമേണ സ്വീകരിക്കുകയെന്നത് എല്ലാവരുടെയും കടമയാണ്. സാമ്പത്തികസഹായം (aid) നല്കുന്നതിലും അറിവും കൂടുതൽ വ്യക്തതയുള്ള സാങ്കേതികവിദ്യകളും പങ്കുവയ്ക്കുന്നതിലും സ്വാർത്ഥതാത്പര്യം കുറഞ്ഞിരുന്നാൽ ഇക്കാര്യം കൂടുതൽ എളുപ്പത്തിൽ സാധിക്കും.

9. ഒരു കാര്യം തീർച്ചയാണ്. അന്താരാഷ്ട്രസമൂഹം ഇന്നു കൈകാര്യം ചെയ്യേണ്ട മൗലിക പ്രശ്നങ്ങളിൽ ഒന്ന്

ഊർജ്ജസ്രോതസ്സുകളാണ്. മറ്റൊന്ന്, ഇന്നത്തെയും ഭാവിയിലെയും തലമുറകളുടെ ഊർജ്ജപരമായ ആവശ്യങ്ങൾ നിറവേറ്റാൻ സംഘടിതവും സ്ഥിരവുമായ തന്ത്രങ്ങൾ വികസിപ്പിച്ചെടുക്കലാണ്. ഇതിന്റെ അർത്ഥമിതാണ്: സാങ്കേതികവിദ്യാപരമായി പുരോഗമിച്ച സമൂഹങ്ങൾ, കൂടുതൽ നിയന്ത്രിതമായ (sober) ജീവിതശൈലികൾ പ്രോത്സാഹിപ്പിക്കാൻ തയ്യാറാകണം. അവരുടെ ഊർജ്ജോപഭോഗം കുറയ്ക്കണം. അതേസമയം, പരിസ്ഥിതിയെ കുറഞ്ഞ തോതിൽ മാത്രം ബാധിക്കുന്ന ഊർജ്ജരൂപങ്ങൾ കണ്ടെത്താനുള്ള ഗവേഷണവും അവയുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുകയും വേണം. ഊർജ്ജസ്രോതസ്സുകൾ ലോകവ്യാപകമായി വിതരണം ചെയ്യപ്പെടണം. അത്തരം സ്രോതസ്സുകൾ ഇല്ലാത്ത രാജ്യങ്ങൾക്ക് അവ ലഭിക്കാൻ വേണ്ടിയാണത്. പരിസ്ഥിതിപരമായ വിഷമസന്ധി ചരിത്രപരമായ പ്രവർത്തനത്തിനുള്ള ഒരു പൊതുപദ്ധതി വികസിപ്പിക്കാനുള്ള ഒരവസരം നല്കുന്നുണ്ട്. സൃഷ്ടിയോടു വർദ്ധിച്ച ആദരവിലേക്ക് ആഗോള വികസനമാതൃകയെ നയിക്കുന്ന ഒരു പൊതുപദ്ധതിയായിരിക്കണം അത്. അതുപോലെ തന്നെ സത്യത്തിലുള്ള സ്നേഹത്തിന്റേതായ മൂല്യങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ട സമഗ്രമാനുഷികവിസനത്തെ ആദരിക്കുന്നതുമായിരിക്കണം. മനുഷ്യവ്യക്തിയുടെ കേന്ദ്രീയത, പൊതുനന്മയുടെ പങ്കുവയ്ക്കലിന്റെ വളർത്തൽ, ഉത്തരവാദിത്വബോധം, ജീവിതശൈലി മാറ്റുകയെന്ന ആവശ്യത്തിന്റെ തിരിച്ചറിവ്, നാളെ സംഭവിക്കാനിരിക്കുന്നതിനെ മുന്നിൽക്കണ്ട് ഇന്ന് എന്തു ചെയ്യണമെന്നു പറഞ്ഞുതരുന്ന സദ്ഗുണമായ വിവേകം എന്നിവയിൽ അടിയുറപ്പിച്ച ഒരു വികസനമാതൃക സ്വീകരിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

10. പരിസ്ഥിതിയെയും ഈ ഗ്രഹത്തിലെ വിഭവങ്ങളെയും സ്ഥിരവും സമഗ്രവുമായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിന് മനുഷ്യബുദ്ധിയെ സാങ്കേതികവിദ്യാപരവും ശാസ്ത്രീയവുമായ ഗവേഷണത്തിലേയ്ക്കും അതിന്റെ പ്രായോഗികമായ ഉപയോഗത്തിലേയ്ക്കും നയിക്കണം. ജോൺ പോൾ രണ്ടാമൻ, 1990-ലെ ലോകസമാധാനദിനസന്ദേശത്തിൽ പുതിയ ദൃഢൈക്യത്തിനായി ആഹ്വാനം ചെയ്തു. ഞാൻ 2009-ലെ ലോകസമാധാനദിനസന്ദേശത്തിൽ ആഗോളദൃഢൈക്യത്തിനായി ആഹ്വാനം നടത്തി. ഭൂമിയുടെ വിഭവങ്ങളെ സംബന്ധിച്ച കൂടുതൽ നല്ല അന്തർദ്ദേശീയ ഏകോപിത മാനേജുമെന്റിലൂടെ സൃഷ്ടിയെ സംരക്ഷിക്കാനുള്ള നമ്മുടെ പരിശ്രമങ്ങളെ രൂപപ്പെടുത്തുന്നതിൽ അടിസ്ഥാനപരമായ മനോഭാവങ്ങളാണവ. പ്രത്യേകിച്ച്, പരിസ്ഥിതി നശീകരണത്തെ തടയുന്നതും സമഗ്രമാനുഷിക വികസനത്തെ വളർത്തുന്നതും തമ്മിലുള്ള ബന്ധം കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അവ അടിസ്ഥാനപരമായ മനോഭാവങ്ങളാണ്. ഇപ്പറഞ്ഞ രണ്ടു യാഥാർത്ഥ്യങ്ങളും തമ്മിൽ വേർതിരിക്കാനാവാത്തവയാണ്. എന്തെന്നാൽ, വ്യക്തികളുടെ സമഗ്രവികസനത്തിന് മുഴുവൻ മനുഷ്യവംശത്തിന്റെയും വികസനത്തിനുള്ള സംഘടിതശ്രമം അത്യാവശ്യമാണ്. പരിസ്ഥിതിയോടുള്ള നമ്മുടെ ബന്ധമെന്ന പ്രശ്നത്തിന് തൃപ്തികരവും സന്തുലിതവുമായ പരിഹാരമാർഗങ്ങൾ നല്കാമെന്നു വാഗ്ദാനം ചെയ്യുന്ന ധാരാളം ശാസ്ത്രീയവികസനങ്ങളും സമീപനപരമായ സംരംഭങ്ങളും ഇന്നുണ്ട്. അവയെ നാം പ്രോത്സാഹിപ്പിക്കണം. ഉദാഹരണമായി, അളവറ്റ സൗരോർജ്ജം ചൂഷണം ചെയ്യാനുള്ള കാര്യക്ഷമമായ മാർഗങ്ങളെക്കുറിച്ചുള്ള ഗവേഷണം, ലോകവ്യാപകമായ ജലദൗർലഭ്യപ്രശ്നം, ആഗോള ജലചാക്രികാവർത്തി എന്നിവയിൽ ഇതുപോലുള്ള ശ്രദ്ധ വേണം. ഭൂമിയിൽ ജീവന്റെ നിലനില്പിന് ജലം അത്യന്താപേക്ഷിതമാണല്ലോ. കാലാവസ്ഥാമാറ്റം കൊണ്ട് അതിന്റെ സ്ഥിരത ഗൗരവാവഹമായ രീതിയിൽ അപകടപ്പെടാവുന്നതാണ്. ചെറുകിട കർഷകരെയും അവരുടെ കുടുംബങ്ങളെയും കേന്ദ്രീകരിച്ചുള്ള ഗ്രാമീണവികസനത്തിനായി സമുചിതതന്ത്രങ്ങൾ കണ്ടെത്തണം. വനങ്ങളെ കൈകാര്യം ചെയ്യാനും മാലിന്യങ്ങളെ നിക്ഷേപിക്കാനുമുള്ള സമുചിതനയങ്ങൾ നടപ്പാക്കാനും ശ്രദ്ധിക്കണം. കാലാവസ്ഥാമാറ്റത്തെ തടയുക, ദാരിദ്ര്യത്തെ കീഴടക്കുക എന്നിവ തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തുകയും വേണം. ഇതിന് ആവേശകരമായ ദേശീയ പോളിസികൾ ആവശ്യമാണ്. അതോടൊപ്പം അന്താരാഷ്ട്ര സമർപ്പണബുദ്ധിയുമുണ്ടായിരിക്കണം. അവ, പ്രത്യേകിച്ച് മാധ്യമങ്ങളിൽ, ദീർഘകാലം സുപ്രധാന ഉപകാരങ്ങൾ ചെയ്തുകൊണ്ടിരിക്കും. സൃഷ്ടിയെ മാനിക്കുന്നതും മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതുമായ കാർഷികവും വ്യാവസായികവുമായ ഉത്പാദനത്തിന്റെ രൂപങ്ങളെ വളർത്തണം. അതിന്, കേവലം ഉപഭോഗ സംസ്കാരപരമായ മനോഭാവത്തിൽ നിന്ന് ഫലപ്രദമായി മുന്നേറുക അത്യാവശ്യമാണ്. പരിസ്ഥിതി പ്രശ്നം കൈകാര്യം ചെയ്യുന്നത്,

പരിസ്ഥിതി നാശത്തിന്റെ സംഭ്രാന്തിജനകമായ കാഴ്ച ചക്രവാളത്തിൽ കാണുന്നതു കൊണ്ടുമാത്രമല്ല, അതിന്റെ യഥാർത്ഥ ലക്ഷ്യം, സ്നേഹം, നീതി, പൊതുനന്മ എന്നീ മൂല്യങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ട യഥാർത്ഥവും ലോകവ്യാപകവുമായ ഐക്യദാർഢ്യത്തിനു വേണ്ടിയുള്ള അന്വേഷണംകൊണ്ടുമായിരിക്കണം. ഇതിനെ സംബന്ധിച്ച് മറ്റൊരിടത്ത് ഞാൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: സാങ്കേതികവിദ്യ കേവലം സാങ്കേതികവിദ്യയല്ല. അത് മനുഷ്യനെയും വികസനത്തിലേക്കു നീങ്ങുന്ന അവന്റെ അഭിലാഷങ്ങളെയും വെളിപ്പെടുത്തുന്നുണ്ട്. ക്രമേണ ഭൗതികപരിമിതികളെ കീഴടക്കാൻ അവനെ പ്രേരിപ്പിക്കുന്ന ആന്തരികസംഘർഷം അതു വെളിവാക്കുന്നു. ഈ അർത്ഥത്തിൽ സാങ്കേതികവിദ്യ ദൈവത്തിന്റെ ഒരു കല്പനയോടുള്ള പ്രത്യുത്തരമാണ്. ദൈവം മനുഷ്യവംശത്തെ ഭരമേല്പിച്ച ഭൂമി ഉഴുതു കൃഷി ചെയ്യാനും സൂക്ഷിക്കാനുമുള്ള കല്പനയാണത് (cf. ഉത്പ. 2:15). മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ഉടമ്പടി വീണ്ടും ഉറപ്പിക്കാൻ അതു സഹായിക്കണം. ആ ഉടമ്പടിയാകട്ടെ, ദൈവത്തിന്റെ സൃഷ്ടിപരമായ സ്നേഹം പ്രതിബിംബിക്കുന്നതാകണം(സത്യത്തിൽ സ്നേഹം, 69).

11. പരിസ്ഥിതി നാശമെന്ന പ്രശ്നം നമുക്കെതിരേ ഒരു വെല്ലുവിളി ഉയർത്തുന്നുവെന്നു കൂടുതൽ കൂടുതൽ വ്യക്തമായി വരുന്നു. നമ്മുടെ ജീവിതശൈലിയും ഉപഭോഗത്തിന്റെയും ഉത്പാദനത്തിന്റെയും പ്രബലപ്പെട്ടിരിക്കുന്ന മാതൃകകളും പരിശോധിക്കണമെന്ന വെല്ലുവിളിയാണത്. അവയാകട്ടെ, സാമൂഹികവും പരിസ്ഥിതിപരവുമായ വീക്ഷണപ്രകാരം, സാമ്പത്തികവീക്ഷണപ്രകാരം പോലും, മിക്കപ്പോഴും നിലനിൽക്കത്തക്കതല്ല. വീക്ഷണത്തിന്റെ യഥാർത്ഥമായ മാറ്റം കൂടാതെ നമുക്കു മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ആ മാറ്റത്തിന്റെ ഫലമായി പുതിയ ജീവിതശൈലികളുണ്ടാകും. അവയനുസരിച്ച്, ഉപഭോഗവസ്തുക്കളുടെ തിരഞ്ഞെടുപ്പുകൾ, മിച്ചംവയ്ക്കൽ, നിക്ഷേപങ്ങൾ എന്നിവ തീരുമാനിക്കുന്നതിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയായിരിക്കും: സത്യത്തിനും സൗന്ദര്യത്തിനും നന്മയ്ക്കും പൊതുവളർച്ചയ്ക്കും മറ്റുള്ളവരുമായുള്ള കൂട്ടായ്മയ്ക്കും വേണ്ടിയുള്ള അന്വേഷണം. സമാധാനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം, വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഭാഗത്തു നിന്നുണ്ടാകുന്ന ദൂരവ്യാപകമായ തീരുമാനങ്ങളോടെ വർദ്ധമാനമായ തോതിൽ തുടങ്ങണം. പരിസ്ഥിതി സംരക്ഷിക്കാനും സൂക്ഷിക്കാനും നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വത്തിന് അതിരുകളില്ല. സഹായതത്ത്വം (Principle of Subsidiarity) അനുസരിച്ച് ഓരോ വ്യക്തിയും തന്റെ തലത്തിൽ, സ്വകാര്യതാത്പര്യങ്ങളുടെ പ്രാബല്യത്തെ കീഴടക്കാൻ പരിശ്രമിക്കണം. പ്രധാനപ്പെട്ട ഒരു കാര്യമാണത്. ബോധവത്കരണത്തിന്റെയും പരിശീലിപ്പിക്കലിന്റെയും ഒരു പ്രത്യേക ധർമ്മം സിവിൽ സമൂഹത്തിലുള്ള വിവിധ ഗ്രൂപ്പുകളും ഗവൺമെന്റിതര സംഘടനകളും നിർവഹിക്കണം. അവർ പരിസ്ഥിതി സംബന്ധമായ ഉത്തരവാദിത്വബോധം വ്യാപിപ്പിക്കാൻ നിശ്ചയദാർഢ്യത്തോടും ഔദാര്യത്തോടും കൂടെ അധ്വാനിക്കണം. ആ ഉത്തരവാദിത്വബോധം മാനുഷികപരിസ്ഥിതിയോടുള്ള ആദരവിൽ പൂർവാധികം അടിയുറച്ചതായിരിക്കണം. മാധ്യമങ്ങൾക്കും ഇക്കാര്യത്തിൽ ഒരു ഉത്തരവാദിത്വമുണ്ട്. ഭാവാത്മകവും പ്രചോദനാത്മകവുമായ മാതൃകകൾ നല്കാനുള്ള ഉത്തരവാദിത്വമാണത്. ഒറ്റവാക്കിൽ പറഞ്ഞാൽ, പരിസ്ഥിതിയെ സംബന്ധിച്ച താത്പര്യം ലോകത്തെ സംബന്ധിച്ച വിശാലവീക്ഷണം ആവശ്യപ്പെടുന്നു. സ്വാർത്ഥത നിറഞ്ഞ ദേശീയ താത്പര്യങ്ങളിൽ അധിഷ്ഠിതമായ സമീപനങ്ങൾക്കപ്പുറത്തേയ്ക്ക്, എല്ലാ ജനതകളുടെയും ആവശ്യങ്ങൾ സ്ഥിരമായി അംഗീകരിക്കുന്ന ഒരു ദർശനത്തിലേക്ക്, നീങ്ങാനുള്ള ഉത്തരവാദിത്വപൂർണമായ ഒരു പൊതുപരിശ്രമം ആവശ്യമാണ്. നമുക്കു ചുറ്റും സംഭവിക്കുന്നവയോടു നിസ്സംഗതാമനോഭാവം പുലർത്താൻ നമുക്കു സാധിക്കുകയില്ല. എന്തെന്നാൽ ഈ ആഗ്രഹത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തിന്റെ നാശം നമ്മെയെല്ലാം ബാധിക്കും. വ്യക്തികളും സാമൂഹികഗ്രൂപ്പുകളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധവും മനുഷ്യരും പരിസ്ഥിതിയും തമ്മിലുള്ള ബന്ധവും ആദരം,സത്യത്തിൽ സ്നേഹം എന്നിവയാൽ മുദ്രിതമായിരിക്കണം. കൂടുതൽ വിപുലമായ ഈ സാഹചര്യത്തിൽ, ക്രമേണയുള്ള നിരായുധീകരണവും ന്യൂക്ലിയർ ആയുധങ്ങളില്ലാത്ത ഒരു ലോകവും ഉറപ്പുവരുത്താൻ അന്താരാഷ്ട്രസമൂഹങ്ങൾ നടത്തുന്ന പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കാനേ നമുക്കു സാധിക്കുകയുള്ളൂ. ആ ആയുധങ്ങളുടെ സാന്നിധ്യം തന്നെ ഈ ഭൂഗോളത്തിലെ ജീവനെതിരേയുള്ള ഭീഷണിയാണ്; ഇപ്പോഴത്തെ തലമുറയുടെയും ഭാവിതലമുറകളുടെയും സമഗ്രവും തുടർച്ചയായിട്ടുള്ളതുമായ വികസനത്തിനും ഭീഷണിയാണ്.

12. സഭയ്ക്കു സൃഷ്ടിയെ സംബന്ധിച്ച് ഒരു ഉത്തരവാദിത്വമുണ്ട്. പൊതുജീവിതത്തിൽ ആ ഉത്തരവാദിത്വം പ്രകടിപ്പിക്കാൻ തനിക്ക് കടമയുണ്ടെന്നു സഭ കരുതുകയും ചെയ്യുന്നു. ഭൂമി, ജലം, വായു എന്നിവ എല്ലാവർക്കും വേണ്ടി സ്രഷ്ടാവായ ദൈവം നല്കിയ സമ്മാനമെന്ന നിലയിൽ സംരക്ഷിക്കുന്നതിനു വേണ്ടിയാണത്. സർവോപരി, സ്വയം നശിപ്പിക്കുകയെന്ന അപകടത്തിൽ നിന്നു മനുഷ്യവംശത്തെ രക്ഷിക്കുന്നതിനു വേണ്ടിത്തന്നെ. പ്രകൃതി നശീകരണപ്രശ്നം മാനുഷിക സഹാസ്തിത്വത്തെ രൂപപ്പെടുത്തുന്ന സാംസ്കാരിക മാതൃകകളുമായി ദൃഢബന്ധം പുലർത്തുന്നു. അതിന്റെ ഫലമായി മാനുഷികപരിസ്ഥിതിയെ സമൂഹത്തിൽ ആദരിക്കുമ്പോൾ പ്രകൃതിപരമായ പരിസ്ഥിതിക്കും ഉപകാരം കിട്ടുന്നു. യുവജനം കുടുംബങ്ങളിലും മുഴുവൻ സമൂഹത്തിലും സ്വയം ആദരിക്കാൻ സഹായിക്കപ്പെട്ടില്ലെങ്കിൽ പരിസ്ഥിതിയെ ആദരിക്കാൻ അവരോട് ആവശ്യപ്പെടാൻ കഴിയുകയില്ല. പ്രകൃതിയെന്ന ഗ്രന്ഥം ഏകമാണ്; അവിഭാജ്യവുമാണ്. അത് പരിസ്ഥിതിയെ മാത്രമല്ല ഉൾക്കൊള്ളുന്നത്. പിന്നെയോ വ്യക്തി കുടുംബം സാമൂഹികധർമ്മശാസ്ത്രം എന്നിവയെക്കൂടി ഉൾക്കൊള്ളുന്നുണ്ട് (സത്യത്തിൽ സ്നേഹം, 15,51). വ്യക്തിയെന്നനിലയിലും വ്യക്തിയോടുള്ള നമ്മുടെ കടമകളിൽ നിന്നുമാണ് പരിസ്ഥിതിയോടുള്ള നമ്മുടെ കടമകൾ ഉദ്ഭവിക്കുന്നത്.

അതുകൊണ്ട്, സത്യത്തിൽ സ്നേഹം എന്ന എന്റെ ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ, പരിസ്ഥിതിപരമായ വർദ്ധമാനമായ ഉത്തരവാദിത്വബോധം വളർത്തുവാനുള്ള പരിശ്രമങ്ങളെ ഞാൻ ഹൃദയപൂർവം പ്രോത്സാഹിപ്പിക്കുന്നു. അതാകട്ടെ, യഥാർത്ഥമായ മാനുഷികപരിസ്ഥിതിയെ സംരക്ഷിക്കും. മനുഷ്യജീവന് ഓരോ ഘട്ടത്തിലും ഓരോ അവസ്ഥയിലുമുള്ള അലംഘനീയതയെയും വ്യക്തി മഹത്ത്വത്തെയും കുടുംബത്തിന്റെ അനന്യമായ ദൗത്യത്തെയും ശക്തിയുക്തം വീണ്ടും ഉറപ്പിച്ചുപറയും. അയൽക്കാരനോടുള്ള സ്നേഹത്തിലും പ്രകൃതിയോടുള്ള ആദരവിലും വ്യക്തി പരിശീലിപ്പിക്കപ്പെടുന്നത് കുടുംബത്തിലാണല്ലോ (സത്യത്തിൽ സ്നേഹം, 28, 51, 61). സമൂഹത്തിന്റെ മാനുഷിക പൈതൃകം സംരക്ഷിക്കുക ആവശ്യമാണ്. മൂല്യങ്ങളുടെ ഈ പൈതൃകം സ്വാഭാവിക ധാർമ്മികനിയമത്തിൽ നിന്ന് ഉദ്ഭവിക്കുന്നു. അതിന്റെ ഭാഗമായിരിക്കുകയും ചെയ്യുന്നു. ആ ധാർമ്മിക നിയമമാകട്ടെ, മനുഷ്യവ്യക്തിയോടും സൃഷ്ടിയോടുമുള്ള ആദരവിന്റെ അടിസ്ഥാനമാണ്.

13. ശ്രദ്ധേയമായ ഒരു വസ്തുത നമുക്കു മറക്കാനും പാടില്ല. അനേകർ പ്രകൃതിയുടെ സൗന്ദര്യത്തോടും സമന്വയത്തോടും ഉറ്റബന്ധം പുലർത്തുമ്പോൾ സമാധാനവും ശാന്തിയും നവീകരണവും നവോന്മേഷവും അനുഭവിക്കുന്നുണ്ടെന്ന വസ്തുതയാണത്. ഒരു പരസ്പരപ്രവർത്തനം നടക്കുന്നുണ്ട്: നാം സൃഷ്ടിയെ സംരക്ഷിക്കുമ്പോൾ, ദൈവം സൃഷ്ടിയിലൂടെ നമ്മെ സംരക്ഷിക്കുന്നുവെന്ന് നാം തിരിച്ചറിയുന്നു. നേരെമറിച്ച്, മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ ശരിയായി മനസ്സിലാക്കിയാൽ പ്രകൃതിക്ക് സർവാധിപത്യം കല്പിക്കാതിരിക്കും; പരിസ്ഥിതിയെക്കാൾ പ്രാധാന്യമുള്ളതായി കരുതാതിരിക്കും. പരിസ്ഥിതികേന്ദ്രത്വവാദത്താലും (eco-centrism) ജീവകേന്ദ്രത്വവാദത്താലും (bio-centrism) പ്രചോദിപ്പിക്കപ്പെട്ട പരിസ്ഥിതിപരമായ ആശയങ്ങളെ സംബന്ധിച്ച ഗൗരവപൂർണമായ വഴിതെറ്റലുകളെ സഭയുടെ പ്രബോധനാധികാരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ കാരണം, മനുഷ്യവ്യക്തികളുടെ തനിമയും മൂല്യവും തമ്മിലുള്ള വ്യത്യാസത്തെ അത്തരം ആശയങ്ങൾ ഒഴിവാക്കുന്നുവെന്നതാണ്. എല്ലാ ജീവജാലങ്ങളുടെയും മഹത്ത്വത്തെക്കുറിച്ചുള്ള സമത്വവാദപരവും സാങ്കല്പികവുമായ വീക്ഷണത്തിന്റെ പേരിൽ അത്തരം ആശയങ്ങൾ മനുഷ്യജീവിയുടെ വ്യതിരിക്തതയും ഉന്നതധർമ്മവും ഇല്ലാതാക്കുന്നു. അവ പുതിയ ബഹുദേവതാവാദത്തിലേയ്ക്കു വഴി തുറക്കുകയും ചെയ്യുന്നു. അത് നവീന പേഗനിസവുമായി ബന്ധപ്പെട്ടതാണ്. അത് മനുഷ്യരക്ഷയുടെ ഉറവിടം പ്രകൃതിയിൽ മാത്രമാണെന്നു കരുതുന്നു. മനുഷ്യരക്ഷയെ കേവലം പ്രകൃതിപരമായ ഭാഷയിൽ മനസ്സിലാക്കുകയും ചെയ്യുന്നു. എന്നാൽ ഈ പ്രശ്നത്തെ സന്തുലമായ രീതിയിൽ സമീപിക്കാൻ സഭ താത്പര്യപ്പെടുന്നു. സ്രഷ്ടാവ് തന്റെ കരവേലയിൽ ആലേഖനം ചെയ്തിട്ടുള്ള വ്യാകരണത്തെ ആദരിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. സ്രഷ്ടാവ് മനുഷ്യന് പ്രകൃതിയുടെ മേൽ ഉത്തരവാദിത്വമുള്ള കാര്യസ്ഥന്റെയും ഭരണകർത്താവിന്റെയും ധർമ്മമാണു നല്കിയത്. ആ ധർമ്മം മനുഷ്യൻ തീർച്ചയായും ദുരുപയോഗിക്കാൻ പാടില്ല.

എന്നാൽ, അവൻ അതു തള്ളിക്കളയാനും പാടില്ല. അതുപോലെ, ഇതിനു വിപരീതമായിട്ടുള്ള ഒരു നിലപാടുണ്ട്. അത് സാങ്കേതികവിദ്യയെയും മാനുഷിക ശക്തിയെയും പരമാധിപത്യമുള്ളതായി കരുതുന്നു. അതിന്റെ ഫലമാകട്ടെ, പ്രകൃതിയെ മാത്രമല്ല, മനുഷ്യമഹത്ത്വത്തെ തന്നെയും ഗൗരവാവഹമായ തോതിൽ ആക്രമിക്കുന്നു.

14. സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുക. ദൈവവും മനുഷ്യരും മുഴുവൻ സൃഷ്ടിയും തമ്മിലുള്ള വേർതിരിക്കാനാവാത്ത ബന്ധം എല്ലാവരുംഅംഗീകരിച്ചാൽ സന്മനസ്സുള്ളവർ നടത്തുന്ന സമാധാനത്തിനായുള്ള അന്വേഷണം തീർച്ചയായും എളുപ്പമുള്ളതാകും. ക്രൈസ്തവർ, ദൈവിക വെളിപാടിന്റെ വെളിച്ചത്തിലും സഭയുടെ പാരമ്പര്യത്തോടുള്ള വിശ്വസ്തതയിലും തങ്ങളുടേതായ സംഭാവനകൾ നല്കുന്നുണ്ട്. അവർ പ്രപഞ്ചത്തെയും അതിന്റെ വിസ്മയങ്ങളെയും കുറിച്ച്, പിതാവായ ദൈവത്തിന്റെ സൃഷ്ടിപരമായ പ്രവൃത്തിയുടെ വെളിച്ചത്തിൽ ധ്യാനിക്കുന്നു. സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും (കൊളോ 1:20) തന്റെ മരണവും ഉത്ഥാനവും വഴി ദൈവത്തോടു രമ്യതപ്പെടുത്തിയ ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിന്റെ വെളിച്ചത്തിലും ധ്യാനിക്കുന്നു. ക്രൂശിക്കപ്പെട്ട് ഉത്ഥിതനായ ക്രിസ്തു തന്റെ പരിശുദ്ധാത്മാവിനെ ചരിത്രഗതിയെ നയിക്കാനായി മനുഷ്യവംശത്തിന്റെമേൽ പ്രവഹിപ്പിച്ചു. രക്ഷകന്റെ മഹത്ത്വപൂർണമായ പുനരാഗമനത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും (2 പത്രോ 3:13) ഉണ്ടാകുന്ന ദിവസത്തിന്റെ മുന്നാസ്വാദനമായിട്ടാണ് അങ്ങനെ ചെയ്തത്. ആ ദിവസത്തിൽ നീതിയും സമാധാനവും ശാശ്വതമായി നിവസിക്കും. അങ്ങനെ, സമാധാനത്തിന്റെ ഒരു ലോകം സൃഷ്ടിക്കാൻ പ്രകൃതിയുടെ പരിസ്ഥിതിയെ സംരക്ഷിക്കുകയെന്നത് എല്ലാവരുടെയും കടമയാണ്. അടിയന്തരസ്വഭാവമുള്ള ഒരു വെല്ലുവിളിയാണത്. നവീകൃതവും സംഘടിതവുമായ പരിശ്രമത്തോടെ നേരിടേണ്ട വെല്ലുവിളി തന്നെ. വരുംതലമുറകളിൽ എല്ലാവർക്കും നല്ലൊരുഭാവി കൈമാറാനുള്ള കരുതൽപരമായ ഒരവസരം കൂടിയാണത്. മനുഷ്യവംശത്തിന്റെ ഭാവിയെക്കുറിച്ചു താത്പര്യമുള്ള ലോകനേതാക്കളും എല്ലാ തലങ്ങളിലുമുള്ള മറ്റു വ്യക്തികളും ഒരു വസ്തുത വ്യക്തമായി ഗ്രഹിക്കണം. സൃഷ്ടിയുടെ സംരക്ഷണവും സമാധാനസംസ്ഥാപനവും തമ്മിൽ അഗാധമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ് ആ വസ്തുത. ഇക്കാരണത്താൽ സമാധാനം വളർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ സൃഷ്ടിയെ സംരക്ഷിക്കുക എന്ന അടിയന്തരസ്വഭാവമുള്ള ആഹ്വാനം ഹൃദയത്തിൽ വഹിക്കാൻ എല്ലാ സ്ത്രീപുരുഷന്മാർക്കും സാധിക്കുന്നതിന്, സർവശക്തനായ സ്രഷ്ടാവും കരുണയുടെ പിതാവുമായ ദൈവത്തോട് തീക്ഷ്ണതയോടെ പ്രാർത്ഥിക്കാൻ എല്ലാ വിശ്വാസികളെയും ഞാൻ ക്ഷണിക്കുന്നു.

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

